മലയാള മനോരമ
Sep 24, 2016

# സിഎംഎഫ്ആർഐ കൂടുമൽസ്യ കൃഷിക്ക് ദേശീയ പുരസ്കാരം

കൊച്ചി ● കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച കൂടുമൽസ്യ കൃഷിക്കു ദേശീയ പുരസ്കാരം. സിഎംഎഫ്ആർഐ വെരാവൽ റീജനൽ സെന്ററിനു കീഴിൽ നടത്തിയ കടൽ കൂടുകൃഷി സംരംഭത്തിൽ മികച്ച നേട്ടം കൈവരിച്ചതിനു ഗുജറാത്തിലെ സീദി ഗോത്ര വിഭാഗത്തിൽനിന്നുള്ള ഹസൻഭായി മുസംഗര ജുമാഭായിക്കാണു പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ കൃഷി പുരസ്കാരം (50,000 രൂപ) ലഭിച്ചത്.

വൈവിധ്യ കൃഷിരീതിക്കുള്ള രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്.